# XII Class

## <u>SAMPLE QUESTIONS</u>
## <u>POLITICAL SCIENCE</u>

*2008*

# Key concept : Unit : I  Chapter : 7

C. O : To familiarise the concept of Dharma and analyse its' relation to state, law and society.

## Question Text

My station and its duties is the basis of western notion of Dharma. Analyse this statement and find out the similarities and differences with the Indian concept of Dharma.

പശ്ചാത്യ ചിന്തയുടെ ധർമ്മ സങ്കല്പത്തിന്റെ ആധാരം "എന്റെ വർഗ്ഗവും എന്റെ ചുമതലകളും" എന്നതാണ്. ഈ പ്രസ്താവനയെ വിശകലനം ചെയ്ത് ഭാരതത്തിന്റെ ധർമ്മ സങ്കൽപവുമായി അതിനുള്ള സാമ്യവും വ്യത്യാസവും കണ്ടെത്തുക.

## Scoring Indicators

- Identifies the Indian notion of Dharma - 1 score
- Analyse and detect similarities and differences of the Indian and western notions - 3 score

Total Score : 4
Time : 6 minutes

*********

# Key concept : Unit : II  Chapter : 8

C. O
- To distinguish between Laissez faire and welfare state by gathering information from various source and present it in various form.
- To create an awareness on the impact of globalization on state activity.

## Question Text

Individualism consider state as a necessary evil and the advocates of welfare state treat state as a positive good.  At the same time the supporters of globalization are infavour of downsizing state activities.  Analyse the nature of state activity in the different context given above.

രാഷ്ട്രത്തെ അനിവാര്യമായ ഒരു തിന്മയായി വ്യക്തിവാദത്തിന്റെ ഉപജ്ഞാതാക്കൾ കാണുന്നു.  അതേസമയം രാഷ്ട്രത്തെ നന്മയുടെ മൂർത്തി ഭാവമായി ക്ഷേമരാഷ്ട്രത്തിന്റെ വക്താക്കൾ കരുതുന്നു.  എന്നാൽ ആഗോള വൽക്കരണത്തിന്റെ ഉപജ്ഞാതാക്കൾ ക്ഷേമ പ്രവർത്തന ങ്ങളിന്മേലുള്ള രാഷ്ട്രത്തിന്റെ നേരിട്ടുള്ള ഇടപെടലിനെ ലഘൂകരിക്കുന്നു.  മുകളിൽ സൂചിപ്പിച്ച പശ്ചാത്തലത്തിൽ വ്യത്യസ്ത രാഷ്ട്ര പ്രവർത്തന സ്വഭാവം വിശകലനം ചെയ്യുക.

## Scoring Indicators

- Identify the role of state in individualism - 2 score
- Identify the role of welfare state - 3 score
- Analyse the situation and identify the changing nature of state in the context of globalisation - 3 score

Total Score : 8

Time : 15 minutes

*********

# Key concept : Unit : I  Chapter : 4

C. O  :  To recognize the different concept of 'Justice'

## Question Text

'Each according to his ability and each according to his needs' is the principle of Marxian concept of Justice.  At the same time plato believes in Geometrical concept of Justice.  In this context find out the basic differences between these two concepts.

"ഓരോരുത്തരും അവരവരുടെ കഴിവിനനുസരിച്ച്, ഓരോരുത്തരും അവരവരുടെ ആവശ്യത്തിനനുസരിച്ച്" എന്നതാണ് മാർക്സിയൻ നീതി സങ്കല്പത്തിന്റെ തത്വം.  അതേ സമയം പ്ലാറ്റോ നീതിയുടെ ക്ഷേത്ര ഗണിത സങ്കല്പത്തിൽ വിശ്വസിക്കുന്നു.  ഇതിന്റെ പശ്ചാത്തലത്തിൽ ഇവ രണ്ടും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം കണ്ടെത്തുക.

## Scoring Indicators

- Analyse and list out the basic difference between Marxian and Platonic concept of Justice - 3 score
- Identify the basic difference as proportionate equality and perfect equality - 2 score

Total Score : 5
Time : 9 minutes

*********

# Key concept : Unit : I  Chapter : 1

C. O : To develop the ability to classify law, relate and differenciate it from morality.

## Question Text

Laws are generally classified in to Public and Private. The Government of Kerala issued a statutory law to prohibit the use of plastic having less than 50 microns. Identify the category of law to which it can be included.

നിയമത്തെ പൊതു നിയമമെന്നും സ്വകാര്യ നിയമമെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിച്ചുകൊണ്ട് കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ഏതു തരം നിയമത്തിൽ പെടുന്നുവെന്ന് തിരിച്ചറിഞ്ഞെഴുതുക.

## Scoring Indicators

- Identify the type of law - 3 score

Total Score : 1

Time : 2 minutes

*********

# Key concept : Unit : II Chapter : 8

C. O
- To internalise the concept of equality and identify various kind of equality.
- To conceptualize the term 'Justice' and to identify different forms of Justice.

## Question Text

Our friends belonging to weaker sections of society are getting certain concessions in matters related to admission, tuition fee, examination fee and hostel facilities etc. Do you think that it is against the principle of equality and justice ? Substantiate.

ദുർബല വിഭാഗത്തിൽപ്പെടുന്ന നമ്മുടെ സുഹൃത്തുക്കൾക്ക് പ്രവേശനം, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ചില പ്രത്യേക ഇളവുകൾ ലഭിക്കുന്നുണ്ട്. ഈ ഇളവുകൾ സമത്വത്തിന്റേയും നീതിയുടേയും തത്വങ്ങൾക്ക് വിപരീതമാണെന്ന് നിങ്ങൾ കരുതുന്നുണ്ടോ ? സമർത്ഥിക്കുക.

## Scoring Indicators

- Identify the concept of Justice - 1 score
- Identify the concept of equality - 1 score
- Sustantiate the situation in the context of Protective discrimination - 2 score

Total Score : 4
Time : 6 minutes

*********

# Key concept : Unit : II Chapter : 8

C. O
- To conceptualise the term 'Liberty' and to identify various types of

liberty.

- To conceptualise the term ‘Justice’ and to identify its different forms.

## Question Text

Analyse the table and arrange them correctly

(പട്ടിക അപഗ്രഥിച്ച് ശരിയായ രീതിയിൽ ക്രമീകരിക്കുക)

| Thinkers (ചിന്തകന്മാർ) | Books / concept (പുസ്തകങ്ങൾ / ആശയങ്ങൾ) |
|---|---|
| J.S. Mill (ജെ.എസ്.മിൽ) | Historical approach (ചരിത്രപരമായ സമീപനം) |
| John Rowls (ജോൺ റാൾസ്) | Social Contract (സാമൂഹിക ഉടമ്പടി) |
| Lenin (ലെനിൻ) | On liberty (ഓൺ ലിബർട്ടി) |
| Rousseau (റൂസ്സോ) | Law is politics (നിയമം രാഷ്ട്രീയമാണ്) |
| Sabine (സബൈൻ) | A Theory of Justice (എ തിയറി ഓഫ് ജസ്റ്റിസ്) |

## Scoring Indicators

- Appropriate information in each column carries - 1 score

Total Score : 5

Time : 5 minutes

*********

# Key concept : Unit : II Chapter : 8

C. O
- To conceptualise the term ‘Liberty’ and to identify various types of Liberty.
- To internalise the concept of ‘Equality’ and identy various kinds of Equality.

- To enable the learner to compare and contrast the concept of Liberty and Equality.

## Question Text

Liberty and Equality are not contradictory but complimentary Liberty is meaningless without equality. Observe the hints given below and prepare a seminar paper.

- Liberty and Equality
- Relation between Liberty and Equality.
- Political equality
- Political liberty
- Economic equality
- Economic liberty
- Social liberty
- Social equality

സ്വാതന്ത്ര്യവും സമത്വവും വൈരുദ്ധ്യ ആശയങ്ങളല്ല, നേരെ മറിച്ച് പരസ്പര പൂരകങ്ങളാണ്. സമത്വമില്ലെങ്കിൽ സ്വാതന്ത്ര്യം നിരർത്ഥകമാണ്. താഴെ കൊടുത്തിരിക്കുന്ന സൂചകങ്ങൾ പരിശോധിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

- സമത്വവും സ്വാതന്ത്ര്യവും
- സമത്വവും സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധം
- രാഷ്ട്രീയ സമത്വം
- രാഷ്ട്രീയ സ്വാതന്ത്ര്യം
- സാമ്പത്തിക സമത്വം
- സാമ്പത്തിക സ്വാതന്ത്ര്യം
- സാമൂഹ്യ സ്വാതന്ത്ര്യം
- സാമൂഹ്യ സമത്വം

## Scoring Indicators

- Identify the concepts - 2 score
- Establish relationships - 2 score
- Establish relationships at different levels – economic, political and social - 2 score

Total Score : 8
Time : 15 minutes

*********

# Key concept : Unit : I Chapter : 1

C. O : To develop the ability to classify law, relate and differenciate it from morality.

## Question Text

We morally obliged to obey the lawn of our country. But one school of thought believes that there is no connection between law and morality. Findout the school of thought.

രാഷ്ട്ര നിയമത്തെ അനുസരിക്കേണ്ട ധാർമ്മികമായ ഉത്തരവാദിത്വം നമുക്കുണ്ട്. എന്നാൽ നിയമവും ധാർമ്മികതയും തമ്മിൽ യാതൊരു ബന്ധവുമില്ലായെന്ന് വിശ്വസിക്കുന്ന ചിന്താവിഭാഗം ഏതെന്ന് കണ്ടെത്തുക.

## Scoring Indicators

- Identify the school of thought - 1 score

Total Score : 1

Time : 2 minutes

*********

# Key concept : Unit : II Chapter : 8

C. O : To femiliarise the concept of Human Rights and Universal Declaration Human Rights.

## Question Text

Mini has been working as a house maid due to the compulsion of her parents, instead of going to the school. In this context which right of child is violated ? Explain with reasons.

രക്ഷിതാക്കളുടെ സമ്മർദ്ദത്താൽ മിനിക്ക് സ്കൂളിൽ പോകാൻ കഴിയാതെ വീട്ടുജോലിക്കായി പോകേണ്ടി വരുന്നു. ഈ സാഹചര്യത്തിൽ മിനിയ്ക്ക് നിഷേധിക്കപ്പെടുന്ന അവകാശങ്ങൾ ഏതെല്ലാമെന്ന് കാരണസഹിതം വിശദമാക്കുക.

## Scoring Indicators

- Identify the Right violated - 2 score
- Establish reasons - 2 score

Total Score : 4
Time : 5 minutes

*********

# Key concept : Unit : I Chapter : 4

C. O • To conceptualise the term 'Justice' and to identify different forms of Justice.

- To create an awareness of socio-economic programmes for the welfare of weaker sections.

## Question Text

India is one of the largest democracies in the world. We accepted social Justice as one of our goal. But we still remain as one of the poorest countries in the world. Inequality in different forms exists today. It means that social justice is a distant goal for us. In this context analyse how far we have achieved the concept of social justice.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രങ്ങളിലൊന്നാണ് ഇന്ത്യ. സാമൂഹ്യ നീതി നമ്മുടെ ലക്ഷ്യമായി സ്വീകരിച്ചിരിക്കുന്നു. പക്ഷെ നാം ഇപ്പോഴും ദരിദ്രരാജ്യങ്ങളിലൊന്നാണ്. വ്യത്യസ്ത തരത്തിലുള്ള അസമത്വങ്ങൾ ഇന്നും നില നിൽക്കുന്നു. ഇത് അർത്ഥമാക്കുന്നത് സാമൂഹ്യ നീതി നമുക്ക് വളരെ അകലെ നില്ക്കുന്ന ഒരു ലക്ഷ്യമാണ്. ഈ സാഹചര്യത്തിൽ സാമൂഹ്യനീതി എത്രമാത്രം കൈവരിച്ചിട്ടുണ്ടെന്ന് വിശകലനം ചെയ്യുക.

## Scoring Indicators

- Identify the concept of Justice - 1 score
- Identify the measures taken for realizing social justice - 3 score
- Analyse the gap between goal and achievement - 2 score

Total Score : 6

Time : 12 minutes

*********

# Key concept : Unit : II Chapter : 8

C. O : To femiliarise the concept of comparative politics and to differentiate comparative government and comparative politics.

## Question Text

Examine the statements given below :

- Comparative government is the study of formal governmental institutions.
- Comparative politics is the study of both formal and informal structures of the political system.

On the basis of these statements identify the concepts which are not the main focus of study of comparative government.

- ➢ Legislature (നിയമ നിർമ്മാണ സഭ)
- ➢ Public opinion (പൊതു ജനാഭിപ്രായം)
- ➢ Judiciary (നീതിന്യായ വിഭാഗം)
- ➢ Political socialization (രാഷ്ട്രീയ സാമൂഹ്യ വൽക്കരണം)
- ➢ Pressure groups (സമ്മർദ്ദ ഗ്രൂപ്പുകൾ)
- ➢ Executive (കാര്യ നിർവ്വഹണ വിഭാഗം)
- ➢ Social justice (സാമൂഹ്യ നീതി)

താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പരിശോധിക്കുക :

- താരതമ്യ ഭരണകൂട പഠനം ഭരണ കൂടങ്ങളുടെ വ്യവസ്ഥാപിത സ്ഥാപനങ്ങളേക്കുറിച്ചുള്ള പഠനമാണ്.
- രാഷ്ട്രീയ വ്യവസ്ഥയിലെ വ്യവസ്ഥാപിതവും വ്യവസ്ഥാപിതമല്ലാത്ത സ്ഥാപനങ്ങളെക്കുറിച്ചുള്ളപഠനമാണ് താരതമ്യാനുസൃത രാഷ്ട്രതന്ത്ര പഠനം.

ഈ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ താരതമ്യാനുസൃത ഭരണകൂട പഠനത്തിൽ മുഖ്യ കേന്ദ്രമല്ലാത്ത ആശയങ്ങൾ കണ്ടെത്തുക.

## Scoring Indicators

- Identification of each concept carries

Half score - ½ x 4 = 2

Total Score : 2
Time : 3 minutes

*********

# Key concept : Unit : III Chapter : 9

C. O : To identify comparative politics as one the important branches of study in political science and to internalise the different approaches to the study of comparative politics.

## Question Text

Certain characteristics of traditional approaches of comparative politics are given below.

- Study of politics confined to the institution of government.
- Connected the study of political incidents and institutions with the past.
- Relates law and its enforcement with Political Science.
- Give stress on the moral worth of political institutions.

Classify the statements on the basis of different approaches of traditional method of the study of Political Science in the given table.

| | |
|---|---|
| Philosophical (ദാർശനിക സമീപനം) | |
| Historical approach (ചരിത്രപരമായ സമീപനം) | |
| Legal approach (നിയമപരമായ സമീപനം) | |
| Institutional approach (സ്ഥാപനപരമായ സമീപനം) | |

താരതമ്യാനുസൃത രാഷ്ട്രതന്ത്ര പഠനത്തിലെ പരമ്പരാഗത സമീപനങ്ങളുടെ ചില സവിശേഷ സ്വഭാവങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

- ഭരണകൂട സ്ഥാപനങ്ങളുടെ പഠനമായി രാഷ്ട്രതന്ത്ര പഠനത്തെ പരിമിതപ്പെടുത്തുന്നു.
- ഭൂതകാലവുമായി രാഷ്ട്രീയ സംഭവങ്ങളേയും സ്ഥാപനങ്ങളേയും ബന്ധിപ്പിക്കുന്നു.
- നിയമങ്ങളേയും അവയുടെ നടപ്പാക്കലിനേയും രാഷ്ട്രതന്ത്ര പഠനവുമായി ബന്ധിപ്പിക്കുന്നു.
- രാഷ്ട്രീയ സ്ഥാപനങ്ങളുടെ ധാർമ്മിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

മേൽ പറഞ്ഞ പ്രസ്താവനകളെ പരമ്പരാഗത സമീപനത്തിന്റെ അടിസ്ഥാനത്തിൽ തന്നിട്ടുള്ള പട്ടികയിൽ വർഗ്ഗീകരിച്ചെഴുതുക.

## Scoring Indicators

- Each appropriate catagorisation carries one score

Total Score : 4
Time : 4 minutes

# Key concept : Unit : III Chapter : 9

C. O : To identify comparative politics has one of the important branch of study in Political Science and to internalise the different approaches

to the study of comparative politics.

## Question Text

The framers of Kerala are in a serious debt trap. They demanded relief from it. Hence the Kerala Legislative Assembly passed the Kerala Agricultural Credit Relief Act. But it was not able to give expected relief to the framers. They demanded more relief than the proposed Act. On the basis of the Input – output approach identify the input, out-put and feed back in the above stated Political process.

കേരളത്തിലെ കർഷകർ ഗുരുതരമായ കടക്കെണിയിലാണ്. അവർ അതിൽ നിന്നും മോചനം ആവശ്യപ്പെടുന്നു. ഈ സാഹചര്യത്തിലാണ് കേരള നിയമസഭ 'കേരള കാർഷിക കടാശ്വാസ നിയമം' പാസ്സാക്കിയത്. എന്നാൽ പ്രസ്തുത നിയമം കർഷകർക്ക് അവർ പ്രതീക്ഷിച്ച ആശ്വാസം നൽകിയില്ല. ആയതിനാൽ അവർ ഗവർമെന്റിൽ നിന്നും കൂടുതൽ ആശ്വാസകരമായ തീരുമാനങ്ങൾ ആവശ്യപ്പെടുന്നു. ഈ രാഷ്ട്രീയ പ്രക്രിയയിൽ നിവേശ-ഉല്പന്ന സമീപനത്തിന്റെ അടിസ്ഥാനത്തിൽ നിവേശവും ഉല്പന്നവും പ്രതിപ്രവർത്തനവും കണ്ടെത്തുക.

## Scoring Indicators

- Each indicators carry one score
- In-put - they demand for relief - 1 score
- Out-put – Agricultural Credit Relief Act - 1 score
- Feed back – Demand for more relief - 1 score

Total Score : 3

Time : 5 minutes

*********

# Key concept : Unit : III Chapter : 9

C. O : To create an awareness on the concept of Political Socialisation and its' contributing practice.

## Question Text

Knowingly or unknowingly our attitudes and orientations towards the political system is shaped by our family. In this context analyse the role of the family in political socialization and cite any two specific examples related to our own experiences.

അറിഞ്ഞോ അറിയാതെയോ രാഷ്ട്രീയ വ്യവസ്ഥയോട് നമുക്കുള്ള മനോഭാവവും ധാരണയും രൂപപ്പെടുന്നത് നമ്മുടെ കുടുംബത്തിൽ നിന്നാണ്. ഈ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രീയ സാമൂഹ്യവൽക്കരണത്തിൽ കുടുംബത്തിനുള്ള പങ്ക് വിലയിരുത്തുകയും നമ്മുടെ സ്വന്തം അനുഭവത്തിൽ നിന്ന് രണ്ട് ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുക.

## Scoring Indicators

- States the role of family in Political Socialisation - 2 score

  Cite examples - 2 score

Total Score : 4

Time : 8 minutes

*********

# Key concept : Unit : III Chapter : 10

C. O : To conceptualise Political Participation and identify the various factors influencing it.

## Question Text

Political participation is the involvement of people in decision making process. Some people have more involvement than the others. Identify any three factors for the variation of the involvement.

തീരുമാനം രൂപീകരിക്കുന്ന പ്രക്രിയയിലുള്ള ജനങ്ങളുടെ ഇടപെടലാണ് രാഷ്ട്രീയ പങ്കാളിത്തം. ചിലർ മറ്റുള്ളവരേക്കാൾ കൂടുതൽ രാഷ്ട്രീയ ഇടപെടൽ നടത്തുന്നവരാണ്. ഇത്തരത്തിലുള്ള രാഷ്ട്രീയ ഇടപെടലിലെ വ്യത്യസ്തങ്ങളായ ഏതെങ്കിലും മൂന്ന് ഘടകങ്ങളെ തിരിച്ചറിയുക.

## Scoring Indicators

- Identification of each factors carries one score

Total Score : 3

Time : 5 minutes

*********

# Key concept : Unit : III Chapter : 10

C. O : To conceptualise the term Right and different kinds of Rights.

## Question Text

- Examine the concept of Political development in India on the basis of the nature of Political institutions such as interest groups, Political parties, Legislature, Executive and Judiciary in India.

രാഷ്ട്രീയ സ്ഥാപനങ്ങളായ രാഷ്ട്രീയ പാർട്ടികൾ, തല്പര ഗ്രൂപ്പുകൾ, നിയമ നിർമ്മാണസഭ, കാര്യനിർവ്വഹണ വിഭാഗം, നീതിന്യായ വിഭാഗം എന്നിവയുടെ സവിശേഷ സ്വഭാവങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ രാഷ്ട്രീയ പുരോഗതി പരിശോധിക്കുക.

## Scoring Indicators

- Analyses the concept of Political development - 2 score
- Different approaches to the concept on Political development - 2 score
- Political development in Indian context - 2 score

Total Score : 6

Time : 10 minutes

*********

# Key concept : Unit : II Chapter : 8

C. O : To familiarise the modes of Representation and theories of representation.

## Question Text

Examine the table given below and classify them into territorial and functional representation.

| |
|---|
| • Election of representatives to the Loka Sabha. |
| • Election of the representatives of occupational groups to the university senates. |
| • Election of the representatives of the teaches to Legislative Council. |
| • Election of the representatives to the Grama panchayet. |

താഴെ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ച് അവയെ ഭൂമി ശാസ്ത്രപരമായ പ്രാതിനിധ്യം, തൊഴിൽ പരമായ പ്രാതിനിധ്യം എന്നിങ്ങനെ വർഗ്ഗീകരിക്കുക.

| |
|---|
| • ലോകസഭയിലേക്കുള്ള പ്രതിനിധികളുടെ തെരെഞ്ഞെടുപ്പ്. |
| • യൂണിവേഴ്സിറ്റി സെനറ്റിലേക്ക് ചില തൊഴിൽ വിഭാഗങ്ങളിൽ നിന്നുള്ള തെരെഞ്ഞെടുപ്പ്. |
| • വിധാൻ പരിഷത്തിലേക്ക് അദ്ധ്യാപക പ്രതിനിധികളുടെ തെരെഞ്ഞെടുപ്പ്. |
| • ഗ്രാമ പഞ്ചായത്ത് പ്രതിനിധികളുടെ തെരെഞ്ഞെടുപ്പ്. |

## Scoring Indicators

- Classifies functional and territorial representation

(each classification carries one score)

Total Score : 4

Time : 5 minutes

*********

# Key concept : Unit : II Chapter : 8

C. O • To create an awareness on the situation responsible for the evolution of Liberalism, major Principles, development and different versions.

## Question Text

Liberalism and Socialism are Contradictory in nature. Identify their contradictory features and substantiate it.

Hints ⟶
- nature of state
- Private property
- Individual freedom
- Nature of production and distribution

ഉദാരവാദവും സ്ഥിതി സമത്വവാദവും പരസ്പര വിരുദ്ധ സ്വഭാവമുള്ളവയാണ്. അവയുടെ വിരുദ്ധ സ്വഭാവ സവിശേഷതകൾ കണ്ടെത്തി സമർപ്പിക്കുക.

സൂചകങ്ങൾ ⟶
- രാഷ്ട്രത്തിന്റെ സ്വഭാവം
- സ്വകാര്യ സ്വത്ത്
- വ്യക്തി സ്വാതന്ത്ര്യം
- ഉല്പാദനത്തിന്റേയും വിതരണത്തിന്റേയും സ്വഭാവം

## Scoring Indicators

- Detects the nature of state in Liberalism and Socialism - 2 score
- Detects differences of opinion on private property - 2 score
- Detects the differences of individual freedom - 2 score
- Detects the differences in the nature of production and distribution - 2 score

Total Score : 8

Time : 15 minutes

*********

# Key concept : Unit : IV Chapter : 14

C. O : To create an awareness on Marxian concept and evaluate its' contemporary relevance.

## Question Text

- Marxism claims that after the proletarian revolution, there will be the dictatorship of the proletariate. In such a social order man will identify his own ‘interest with the general interest of the society and role of state will

shrink and gradually it will wither away. In that society, there will be no state and class. In this context evaluate the possibilities of evolution of a stateless and classless society.

Hints ⟶
- Individual differences
- Selfish nature of individual
- State as an essential institution

മാർക്സിസം അവകാശപ്പെടുന്നത്, വർഗ്ഗസമരത്തിനു ശേഷം തൊഴിലാളി വർഗ്ഗ സർവ്വാധിപത്യം രൂപപ്പെടുമെന്നും ആ സാമൂഹ്യ സംവിധാനത്തിൽ മനുഷ്യൻ അവന്റെ താല്പര്യങ്ങളെ മറികടന്ന് സാമൂഹ്യ താല്പര്യം അംഗീകരിക്കുകയും, അങ്ങനെ രാഷ്ട്രത്തിന്റെ പങ്ക് കുറഞ്ഞ് സാവധാനത്തിൽ അത് കൊഴിഞ്ഞു പോകുമെന്നാണ്. അവിടെ രാഷ്ട്രമോ, വർഗ്ഗങ്ങളോ ഇല്ലാത്ത ഒരു സമൂഹമായിരിക്കും ഉടലെടുക്കുക. ഇത്തരത്തിലുള്ള രാഷ്ട്രരഹിതവും വർഗ്ഗരഹിതവുമായ ഒരു സമൂഹം രൂപപ്പെടാനുള്ള സാഹചര്യം പരിശോധിക്കുക.

സൂചകങ്ങൾ ⟶
- വ്യക്തി വ്യത്യാസങ്ങൾ
- മനുഷ്യന്റെ സ്വാർത്ഥ സ്വഭാവങ്ങൾ
- രാഷ്ട്രം ഒരു അനിവാര്യ സ്ഥാപനമാണ്.

## Scoring Indicators

- Appraises the selfish nature and social nature of man - 2 score
- Appraises the existence of the society with or without the state - 2 score

Total Score : 4

Time : 8 minutes

*********

# Key concept : Unit : IV Chapter : 15

C. O : To create an awareness on fascism and identify its' impact.

## Question Text

Fascism is only a policy of action which is opposed in all respect.

[You may answer the question by critically

analyzing the features of fascism]

ഫാസിസം ഒരു നയപരിപാടി മാത്രമാണ്. അത് എല്ലാ തലത്തിലും എതിർക്കപ്പെടുകയും ചെയ്യുന്നു. ഈ പ്രസ്താവനയെ വിമർശനാത്മകമായി അപഗ്രഥിച്ച് ഉത്തരമെഴുതുക.

## Scoring Indicators

- Analyse Fascism as a policy of action - 2 score
- Organise information of the features of fascism - 2 score
- Critically evaluates its features - 2 score

Total Score : 6

Time : 12 minutes

*********

# Key concept : Unit : II Chapter : 8

C. O : To familiarise Gandhism and evaluates its' contemporary relevance.

## Question Text

'Globalisation marginalises Gandhism in many respects'. Critically analyse the statement by considering the following hints :

- Global economy overrides village economy.

- Hegemony of European culture over the indegeneous culture.
- Centralisation instead of decentralization.
- Corporate industries instead of cottage industries.

"പലതലങ്ങളിലും ആഗോളീകരണം ഗാന്ധിയൻ ദർശനങ്ങളെ പാർശ്വവൽക്കരിക്കുന്നു". താഴെ ചേർത്തിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ തന്നിരിക്കുന്ന പ്രസ്താവന വിമർശനാത്മകമായി പരിശോധിക്കുക.

സൂചകങ്ങൾ →

- ഗ്രാമീണ സമ്പദ്ഘടനക്കുമേൽ ആഗോള സാമ്പത്തിക ശക്തികളുടെ കടന്നു കയറ്റം.
- ഓരോ തനത് സംസ്ക്കാരത്തിനുമേലും യൂറോപ്യൻ സംസ്ക്കാരത്തിന്റെ മേധാവിത്വം.
- വികേന്ദ്രീകരണത്തിന്റെ സ്ഥാനത്ത് കേന്ദ്രീകരണം.
- കുടിൽ വ്യവസായങ്ങളുടെ സ്ഥാനത്ത് കോർപ്പറേറ്റ് വ്യവസായങ്ങൾ.

## Scoring Indicators

- Appraisal of each hints carries - 2 scores

Total Score : 8

Time : 15 minutes

*********

# Democracy in India (Unit : I) Chapter : 2

C. O • To identify the functions of election commission of India.

## Question Text

The functions of the Election Commission of India can be devided in to three stages – before Poll, during poll and after poll. The functions of the first stages are given below, find out the functions of second and third stage.

☆ <u>Functions before Poll</u>

- To prepare, revise, update and maintain the list of voters.
- Election notification etc.

ഇന്ത്യയിലെ തെരെഞ്ഞെടുപ്പു കമ്മീഷന്റെ ചുമതലകളെ വേണമെങ്കിൽ 3 ഘട്ടങ്ങളായി വേർ തിരിക്കാം. തെരെഞ്ഞെടുപ്പിന് മുമ്പുള്ള ചുമതലകൾ, തെരെഞ്ഞെടുപ്പ് സമയത്തെ ചുമതലകൾ, തെരെഞ്ഞെടുപ്പ് ശേഷമുള്ള ചുമതലകൾ എന്നിങ്ങനെയാണവ. തെരെഞ്ഞെടുപ്പിന് മുൻപുള്ള ചില ചുമതലകളാണ് താഴെ കൊടുത്തിരിക്കുന്നത്. മറ്റ് രണ്ടു ഘട്ടങ്ങളിലുള്ള ചുമതലകൾ കണ്ടെത്തുക.

☆ <u>തെരെഞ്ഞെടുപ്പിനു മുമ്പുള്ള ചുമതലകൾ</u>

- വോട്ടർപട്ടിക തയ്യാറാക്കുക, പുതുക്കുക, തെരെഞ്ഞെടുപ്പ് വിജ്ഞാപനം തുടങ്ങിയവ.

## Scoring Indicators

- Identify and categories second and third stages - 2 + 2 = 4

Total Score : 4
Time : 8 minutes

*********

# Democracy in India (Unit : I) Chapter : 2

<u>C. O</u> : To familiarise the learner with election procedure in India.

## Question Text

If any elector or candidate feels that there has been malpractice in the election of Loka Sabha and State Legislature he can file an election petition. Find out the court that has the jurisdiction to hear this original petition.

ലോകസഭയിലേക്കും നിയമസഭയിലേക്കും നടന്ന തെരെഞ്ഞെടുപ്പിൽ കൃത്രിമം നടന്നതായി ഒരു സമ്മതിദായകനോ സ്ഥാനാർത്ഥിയ്ക്കോ തോന്നുന്ന പക്ഷം തെരെഞ്ഞെടുപ്പ് പരാതി സമർപ്പിക്കാവുന്നതാണ്. ഈ പരാതി കേൾക്കുന്നതിന് അധികാരം നിക്ഷിപ്തമായിട്ടുള്ള കോടതി ഏതെന്ന് കണ്ടത്തുക.

## Scoring Indicators

- Identify High Court as the concerned court to file the election petition - 1 score

Total Score : 1

Time : 2 minutes

*********

# Democracy in India (Unit : I) Chapter : 1

C. O • To familiarise the learner with the election procedure in India.

## Question Text

Excersising voting right is an activity of electoraral participation Factors influencting the Political participation are classified in to short term and long term. Some long term and short term factors are listed below. Classify them into long term factors and short term factors.

- Mode of Propoganda • Caste • Environmental factors
- Charistimatic leadership • Education • Economic stability
- Law and order just before election • Ideology • Political socialisation.

വോട്ടു രേഖപ്പെടുത്തൽ തെരെഞ്ഞെടുപ്പ് പങ്കാളിത്തത്തിലെ ഒരു പ്രവർത്തനമാണ്. രാഷ്ട്രീയ പങ്കാളിത്തത്തെ സ്വാധീനിക്കുന്ന ഘടകങ്ങളെ ദീർഘകാല ഘടകങ്ങളെന്നും ഹ്രസ്വകാല ഘടകങ്ങളെന്നും വിഭജിക്കാം. ദീർഘകാല ഘടകങ്ങളേയും ഹ്രസ്വകാല ഘടകങ്ങളേയും താഴെകൊടുത്തിരിക്കുന്നതിൽ നിന്നും വർഗ്ഗീകരിച്ചെഴുതുക.

- പ്രചാരണ രീതി • ജാതി • പാരിസ്ഥിതിക ഘടകങ്ങൾ
- നേതൃത്വ വക്തി പ്രഭാവം • വിദ്യാഭ്യാസം • സാമ്പത്തിക സ്ഥിരത
- തെരെഞ്ഞെടുപ്പിന് തൊട്ടു മുമ്പുള്ള ക്രമസമാധാന നില • ആദർശം
- രാഷ്ട്രീയ സാമൂഹ്യവൽക്കരണം.

## Scoring Indicators

- Identifies and classify short term factors - 2 score
- Identifies and classify long term factors - 2 score

Total Score : 4

Time : 5 minutes

*********

# Democracy in India (Unit : I) Chapter : 3

C. O • To identify the need of electoral reforms in India.

## Question Text

The maximum limit of election expense for a parliamentary candidate is 25 lakhs and 10 lakhs for Assembly candidates. But the real amount spent by these candidates are much more than the prescribed limit. This is an indication of misuse of money power in election.

Examine the above facts and suggest possible measures to overcome this problem.

ഒരു ലോകസഭാ സ്ഥാനാർത്ഥിക്ക് തെരെഞ്ഞെടുപ്പിന് ചെലവാക്കാവുന്ന പരമാവധി തുക 25 ലക്ഷവും അസംബ്ലി സ്ഥാനാർത്ഥിക്ക് 10 ലക്ഷവുമാണ്. യഥാർത്ഥത്തിൽ നിർദ്ദിഷ്ട പരിധിയുടെ വളരെ കൂടുതൽ ചെലവഴിക്കുന്നു. ഇത് തീർച്ചയായും പണാധിപത്യത്തിന്റെ ദൃഷ്ടാന്തമാണ്.

മേൽപറഞ്ഞ വസ്തുതകൾ പരിശോധിച്ച് ഇതിനെ മറികടക്കുന്നതിനു പറ്റിയ പരിഹാര നിർദ്ദേശങ്ങൾ നൽകുക.

## Scoring Indicators

- Identifies and propose suggestions - 4 score

Total Score : 4

Time : 8 minutes

*********

# Democracy in India (Unit : II) Chapter : 4

C. O : To familiarise the nature of party system and its' role in Indian Politics.

## Question Text

Examine the dialogue and give your views on multiparty system with relevant examples from India.

Rani : —— "Multi party system endangers the democratic system and its' stability. Factions and groups lead to the mashroom growth of new parties in India. There are number of national parties and hundred of state parties in our country. This leads to conflict rather than co-operation".

Reena :——— "No ! Multiparty system promote pluralism, expecially in a heterogeneous society like India. The Central Govt. and most of the state governments in India are coalation. It is the hall mark of multiparty system".

താഴെക്കൊടുത്തിരിക്കുന്ന സംഭാഷണങ്ങൾ പരിശോധിച്ച് ബഹുകക്ഷി സമ്പ്രദായത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ ഉചിതമായ ഉദാഹരണ സഹിതം വ്യക്തമാക്കുക.

റാണി : ——— "ബഹുകക്ഷി സമ്പ്രദായം ജനാധിപത്യത്തിനും സ്ഥിരതയ്ക്കും അപകടകാരിയാണ്. ചേരിതിരിവും ഗ്രൂപ്പുകളും കൂൺ പോലെ പുതിയ പാർട്ടികൾക്ക് കാരണമാകുന്നു. ഇന്ത്യയിൽ അനേകം ദേശീയ പാർട്ടികളും നൂറുകണക്കിന് പ്രാദേശിക പാർട്ടികളുമുണ്ട്. അവ ഐക്യത്തിനു പകരം സംഘർഷത്തിലേക്ക് നയിക്കുന്നു."

റീന ; ——— "ബഹുകക്ഷി സമ്പ്രദായം ബഹുത്വത്തെ പരിപോഷിപ്പിക്കുന്നു. പ്രത്യേകിച്ച് ഇന്ത്യയെപ്പോലെ വൈവിധ്യമാർന്ന സമൂഹത്തിൽ ബഹുകക്ഷി സമ്പ്രദായം നല്ലതാണ്. വിവിധ കക്ഷികൾ സഹകരിച്ചു കൊണ്ടുള്ള കൂട്ടുകക്ഷി ഭരണം കേന്ദ്രത്തിലും അനേകം സംസ്ഥാന ങ്ങളിലും നടക്കുന്നത് ബഹുകക്ഷി സമ്പ്രദായത്തിന്റെ ഒരു മുഖ മുദ്രയാണ്."

## Scoring Indicators

- Establishes view eighther to support or oppose Multiparty system - 3 score
- Identifies and cite relevant examples - 3 score

Total Score : 6
Time : 10 minutes

*********

# Democracy in India (Unit : II) Chapter : 4

C. O : To enable the learner to identify different party system in the world.

## Question Text

Suppose you are a representative of a Political party to submit a report on election reforms in India in joined meeting of different political parties held by Election Commission of India. You can focuss on the following points for the preparation of the report.

- Restriction over candidates in contexting at more than one constituency.
- Reforms related to reservation seats
- Elections expenses
- Statutory code of conduct
- Reofrm related to political parties

തെരെഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർത്ത വിവിധ രാഷ്ട്രീയ കക്ഷികളുടെ യോഗത്തിൽ ഇന്ത്യയിലെ തെരെഞ്ഞെടുപ്പ് പരിഷ്ക്കാരത്തെക്കുറിച്ച് ഒരു രേഖ അവതരിപ്പിക്കേണ്ട ഒരു രാഷ്ട്രീയ കക്ഷിയുടെ പ്രതിനിധിയാണെങ്കിൽ എന്തെല്ലാമായിരിക്കും താങ്കളുടെ നിർദ്ദേശങ്ങൾ. രേഖ തയ്യാറാക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന സൂചനകൾ ശ്രദ്ധിക്കാവുന്നതാണ്.

- ഒരു സ്ഥാനനാർത്ഥി ഒന്നിലധികം മണ്ഡലങ്ങളിൽ മത്സരിക്കുന്നതിനുള്ള നിയന്ത്രണം.
- സംവരണ സീറ്റുകളെ ബന്ധപ്പെടുത്തിയുള്ള പരിഷ്ക്കാരങ്ങൾ
- തെരെഞ്ഞെടുപ്പ് ചെലവുകൾ
- പെരുമാറ്റച്ചട്ടം
- രാഷ്ട്രീയ കക്ഷികളുമായി ബന്ധപ്പെട്ടുള്ള പരിഷ്ക്കാരങ്ങൾ

## Scoring Indicators

- Identify and suggest reforms relate to each hints carries one score

Total Score : 5
Time : 10 minutes

*********

# Democracy in India (Unit : II) Chapter : 5

C. O : To identify and differentiate national and regional parties in India.

## Question Text

Complete the following table with the information given below.

• BSP • DMK • NCP • Akli Dal • TDP • National conference • BJP •CPI(M)

| National parties | Regional parties | If it is regional party write the |
|---|---|---|

| | | |
|---|---|---|
| (ദേശീയ കക്ഷികൾ) | (പ്രാദേശിക കക്ഷികൾ) | respective state it belongs to (പ്രാദേശിക കക്ഷിയാണെങ്കിൽ സംസ്ഥാനത്തിന്റെ പേരെഴുതുക) |
| •<br>•<br>• | •<br>•<br>•<br>• | •<br>•<br>•<br>• |

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിച്ച് അനുയോജ്യമായവ ചേർത്ത് പൂരിപ്പിക്കുക.

## Scoring Indicators

- Each correct entries carries ½ score.

Total Score : 12 x ½ = (6)

Time : 8 minutes

*********

# Democracy in India (Unit : II) Chapter : 4

C. O : To familiarise the role and importance of opposition parties in India.

## Question Text

Examine the news gist given below

> ✯ Opposition boycotted the parliament along with left parties for not permitting discussion on the nuclear deal with USA.
>
> ✯ Hide Act (123 agreement) are to be discussed in the parliament before entering into an agreement.

In this context evaluate the role of opposition in our country. You may consider the following facts while attempting the answer.

- Opposition keep the government in check.

- Formulates alternative policies.
- Protect the interest of the people.
- Exposes the misuse of power.

താഴെ കൊടുത്തിരിക്കുന്ന വാർത്താശകലങ്ങൾ പരിശോധിക്കൂ.

> ✯ അമേരിക്കയുമായുള്ള ആണവക്കരാർ സംബന്ധിച്ച ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഇടതു കക്ഷികളോടൊപ്പം പാർലിമെന്റ് ബഹിഷ്ക്കരിച്ചു.
>
> ✯ ഹൈഡ് ഏക്ടും 123 കരാർ എന്നിവ ഉടമ്പടി ഒപ്പു വെക്കുന്നതിനു മുൻപ് പാർലമെന്റിൽ ചർച്ച ചെയ്യണം.

ഈ സാഹചര്യത്തിൽ നമ്മുടെ രാജ്യത്തെ പ്രതിപക്ഷത്തിന്റെ പങ്ക് വിലയിരുത്തുക. ഉത്തരം ലഭിക്കുന്നതിലേക്ക് താഴെ പറയുന്ന വസ്തുതകൾ പരിഗണിക്കാവുന്നതാണ്.

- ജാഗ്രതയുള്ള പ്രതിപക്ഷം
- ബദൽ നയങ്ങൾ രൂപപ്പെടുത്തുന്നു.
- അധികാര ദുർവിനിയോഗത്തെ തുറന്നു കാട്ടുകയും ജന താല്പര്യം സംരക്ഷിക്കുകയും ചെയ്യുന്നു.

## Scoring Indicators

| | | |
|---|---|---|
| • Evaluates the role of opposition in our country | - | 2 score |
| • Appraises the role of opposition in keeping the government in check | - | 1½ score |
| • Presenting alternative policies | - | 1½ score |
| • Present appropriate information and examples | - | 2 score |

Total Score : 7
Time : 14 minutes

# Democracy in India (Unit : II) Chapter : 6

C. O : To conceptualise the term public opinion and create an awareness on its importance in democracy.

## Question Text

> ✯ Political parties play an important role in the formation of public opinion. They organize public meetings, protest and strikes etc. They mobilize support and debate on some policies. The speeches of the leader also influence public opinion.

Observe the above statements and find out the other agents of public opinion and their role in our political system.

പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ രാഷ്ട്രീയകക്ഷികൾ സുപ്രധാന പങ്ക് വഹിക്കുന്നു. സമരങ്ങൾ, എതിർപ്പുകൾ, പൊതുയോഗങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. ജനാഭിപ്രായം അനുകൂലമാക്കുകയും പ്രതികൂലമായ നയങ്ങൾ എതിർത്തുകൊണ്ട് സംവാദങ്ങളും സംഘടിപ്പിക്കുന്നു. നേതാക്കളുടെ പ്രസംഗങ്ങളും ജനാഭിപ്രായത്തെ സ്വാധീനിക്കുന്നു.

മേൽപറഞ്ഞ പ്രസ്താവനകൾ നിരീക്ഷിച്ച് നമ്മുടെ രാഷ്ട്രീയ സമ്പ്രദായത്തിൽ പൊതുജനാഭിപ്രായം രൂപീകരിക്കുന്ന മറ്റ് വിഭാഗങ്ങളേയും അവയുടെ പങ്കും ഏതെല്ലാമെന്ന് കണ്ടെത്തുക.

## Scoring Indicators

- Identifies other agents of public openion - 4 score
- Suggest the role of above mentioned agents in creating public openion - 4 score

Total Score : 8

Time : 14 minutes

*********

# Democracy in India (Unit : II) Chapter : 6

C. O : To conceptualise the term public opinion and create an awareness on its importance in democracy.

## Question Text

- Elections are one of the ways for mobilizing public ooepnion.
- Public opinion may also be mobilize by conducting Referendum and Plebicite.

By examining the above hints differentiate the features of referendum

and plebicite.

- പൊതുജനാഭിപ്രായം അറിയുന്നതിനുള്ള ഒരു മാർഗ്ഗമാണ് തെരെഞ്ഞെടുപ്പ്.
- ഹിത പരിശോധനയിലൂടെയും പ്ലബിസിറ്റിലൂടേയും പൊതുജനാഭിപ്രായം രൂപപ്പെടുത്താൻ കഴിയു.

മുകളിൽ കൊടുത്തിരിക്കുന്ന സൂചനകൾ പരിശോധിച്ച് ഹിത പരിശോധന യുടേയും പ്ലബിസിറ്റിന്റേയും പ്രത്യേകതകൾ വേർതിരിച്ചെഴുതുക.

## Scoring Indicators

- Identifies the features referendum - 2 score
- Identifies and detects similarities and difference between plebiscite and referendum - 2 score

Total Score : 4

Time : 8 minutes

*********


# Democracy in India (Unit : II) Chapter : 4

C. O : To familiarise the nature of party system and its' role in Indian Politics.

## Question Text

Complete the flow chart by identifying any two functions of political parties.

രാഷ്ട്രീയ കക്ഷികളുടെ ചുമതലകൾ തിരിച്ചറിഞ്ഞ് മറ്റ് രണ്ട് ചുമതലകൾ ചേർത്തുകൊണ്ട് തന്നിട്ടുള്ള ഫ്ളോചാർട്ട് പൂർത്തിയാക്കുക.




## Scoring Indicators

- Identifies any two functions - ½ + ½ = 1

Total Score : 1

Time : 2 minutes

*********

# Democracy in India (Unit : II) Chapter : 7

C. O : To create an awareness on the influence of interest group and pressure groups in modern politics.

## Question Text

A group formed for a specific interest is called interest groups.

Some techniques of interest groups are given below.

- Judicial remedy
- Direct approach with the administration.
- Extra constitutional means.
- Official contact
- Appointment of interest group leader in higher post.

Critically examine the above techniques of interest groups and identify the special features of lobbying and judicial remedy with suitable examples from Indian context.

ഒരു പ്രത്യേക ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ള സംഘങ്ങളെ താല്പര്യഗ്രൂപ്പുകൾ എന്നു പറയുന്നു. താല്പര്യ ഗ്രൂപ്പുകളുടെ ചില തന്ത്രങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

- നീതിന്യായ പരിഹാരം
- ഭരണകൂടവുമായി നേരിട്ട് ബന്ധപ്പെടൽ
- ഭരണഘടനാതീതമായ മാർഗ്ഗങ്ങൾ
- ചരടുവലികൾ
- ഔദ്യോഗികമായി ബന്ധപ്പെടൽ
- താല്പര്യഗ്രൂപ്പ് നേതാക്കളെ ഉന്നതതസ്തികളിൽ നിയമിക്കൽ.

താലപ്ര്യഗ്രൂപ്പിന്റെ മേൽപറഞ്ഞ തന്ത്രങ്ങളെ വിമർശനാത്മകമായി പരിശോധിച്ച് ചരടുവലികളുടേയും നീതിന്യായ പരിഹാരത്തിന്റേയും സവിശേഷതകൾ തിരിച്ചറിഞ്ഞ് അവയ്ക്ക് ഉചിതമായ ഉദാഹരണങ്ങൾ ഇന്ത്യൻ സാഹചര്യത്തിൽ നിന്നും കണ്ടെത്തുക

## Scoring Indicators

- Identify the features of Lobbying and judicial remedy - 4 score
- Identify and cite appropriate examples - 2 score
- Critical evaluation of other techniques - 2 score

Total Score : 8

Time : 15 minutes

*********

# Democracy in India (Unit : III) Chapter : 8

C. O : To identify the role and functions of planning commission in India.

## Question Text

The chief Minister is the chairman of the Planning board in the states. If so what is the institutional status of the Prime Minister with regard to the process of Planning in India.

മുഖ്യമന്ത്രിയാണ് സംസ്ഥാനങ്ങളിലെ ആസൂത്രണ ബോഡിന്റെ ചെയർമാൻ. അങ്ങിനെയാണെങ്കിൽ ആസൂത്രണ പ്രക്രിയയുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രിയുടെ സ്ഥാപനപരമായ പദവി എന്താണ്.

## Scoring Indicators

- Identifies the P.M as the ex-offio chairman of the Planning Commission - 1 score

Total Score : 1

Time : 2 minutes

*********

# Democracy in India (Unit : III) Chapter : 8

C. O : To identify the role and functions of planning commission in India.

## Question Text

Riya : —— "The duty of the planning commission is to formulate appropriate schemes for the eradication of poverty and create employment."

Priya : —— "Yes, besides that planning commission also aims at the socio-economic development of India".

Based on the above conversation present a seminar paper on the role of the socio-economic development of the planning commission in India.

റിയ : ——— "ആസൂത്രണക്കമ്മീഷന്റെ ചുമതല ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും തൊഴിൽ സൃഷ്ടിക്കുന്നതിനും അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കുകയാണ്."

പ്രിയ: ——— "അതെ, ! അതുമാത്രമല്ല, ആസൂത്രണക്കമ്മീഷൻ ഇന്ത്യയുടെ സാമൂഹിക സാമ്പത്തിക വികസനത്തെക്കൂടി ലക്ഷ്യമിടുന്നു."

മുകളിൽ കൊടുത്തിരിക്കുന്ന സംഭാഷണത്തെ അടിസ്ഥാനമാക്കി ഇന്ത്യയിലെ സാമൂഹ്യ - സാമ്പത്തിക വികസനത്തിൽ ആസൂത്രണക്കമ്മീഷന്റെ പങ്കിനെക്കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക

## Scoring Indicators

- Analyse and list out various functions of Planning Commission - 5 score

Total Score : 5
Time : 8 minutes

*********

# Democracy in India (Unit : III) Chapter : 8

C. O : To familiarise the concept of globalization and to identify its impact on India.

## Question Text

John : —— "Thanks to globalization. The prices of mobile phones have been slashed."

Tom : ——"Yes, at the same time you should realize the terrific impact of globalisation in the Third world countries especially India".

Observe the above conversation and prepare a debate note on the positive and negative aspects of globalization.

ജോൺ : —— "മൊബൈൽ ഫോണുകളുടെ വിലയിടിഞ്ഞതിൽ ആഗോള വൽക്കരണത്തിന് നന്ദി."

ടോം :——— "അതെ, അതേ സമയം മൂന്നാം ലോക രാജ്യങ്ങളിൽ പ്രത്യേകിച്ച് ഇന്ത്യയിൽ ആഗോള വൽക്കരണത്തിന്റെ ഭയാനക സ്വാധീനം നിങ്ങൾ മനസ്സിലാക്കണം."

മേൽപറഞ്ഞ സംഭാഷണങ്ങൾ നിരീക്ഷിച്ച് ഒരു സംവാദക്കുറിപ്പ് ആഗോള വൽക്കരണത്തിന്റെ അനുകൂലവും പ്രതികൂലവുമായ സ്വാധീനത്തെക്കുറിച്ച് തയ്യാറാക്കുക.

## Scoring Indicators

- Identifies the meaning and nature of globalisation - 2 score
- Evaluates the positive and negative impact of globalisation – 6 score

Total Score : 8
Total Time : 14 minutes

*********

# Democracy in India (Unit : III) Chapter : 9

C. O
- To familiarise the significance of state Planning Board and District Planning and Development Agencies in Multilevel Planning.
- To analyse the role and functions of National Development Council as the highest decision making body for Planning in India.

## Question Text

Economic Planning is very important for the socio-economic development of a country. Planning becomes effective only when it is decentralized upto the grass root level ensuring the participation of the people. In this context analyse and consolidate the measures taken in India towards this direction.

ഒരു രാജ്യത്തിന്റെ സാമൂഹ്യ സാമ്പത്തിക വികസനത്തിന് ആസൂത്രണം അത്യാവശ്യമാണ്. ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് താഴെ തട്ടിലേക്ക് വികേന്ദ്രീകരിക്കുമ്പോഴാണ് ആസൂത്രണം കാര്യക്ഷമമാക്കുന്നത്. ഈ പശ്ചാത്തലത്തിൽ പ്രസ്തുത ദിശയിലേക്ക് എത്തിച്ചേരുന്നതിനു വേണ്ടി ഇന്ത്യ സ്വീകരിച്ച നടപടികൾ ചുരുക്കിയെഴുതുക.

## Scoring Indicators

- Multilevel Planning in India - 3 score
- Peoples participation at grass root level - 2 score

Total Score : 5
Time : 10 minutes

*********

# Democracy in India (Unit : III) Chapter : 10

C. O : To create an awareness of socio-economic programmes for the welfare of the weaker sections.

## Question Text

John and Raghu are Higher Secondary School students. Raghu belongs to backward Community. They passed the Board of Examination, John secured First class and Raghu got second class. Both applied for B.A political Science in a reputed college, but not John.

Analyse and findout the reasons for this inequality.

ജോണും രഘുവും 12-ാം ക്ലാസ് വിദ്യാർത്ഥികളാണ്. രഘു ഒരു പിന്നോക്ക സമുദായക്കാരനാണ്. പൊതു പരീക്ഷയിൽ ജോൺ ഒന്നാം ക്ലാസോടേയും രഘു 2-ാം ക്ലാസോടേയും പാസ്സായി. രണ്ടുപേരും ഒരു പ്രശസ്തമായ കോളേജിൽ B.A രാഷ്ട്രതന്ത്രം പഠിക്കുവാനായി അപേക്ഷ നൽകി. എന്നാൽ രഘുവിന് പ്രവേശനം ലഭിക്കുകയും ജോണിന് പ്രവേശനം ലഭിക്കാതിരിക്കുകയും ചെയ്തു.

ഈ അസമത്വം വിശകലനം ചെയ്ത് കാരണങ്ങൾ കണ്ടെത്തുക.

## Scoring Indicators

- Identifies the reservation as a reason for getting admission - 1 score
- Identifies reservation as protective discrimination for the upliftment of weaker section - 2 score

Total Score : 3

Time : 6 minutes

*********

# Democracy in India (Unit : III) Chapter : 11

C. O : To create an awareness on the socio-economic programmes for the welfare of the weaker sections.

## Question Text

Our constitution guarantees the right to equality irrespective of caste, religion and sex. All political parties proclaim equality to women, but the plight of women in India is still pathetic. The governments commitments to woman's upliftment ends with the announcement of policies and schemes.

In the light of the above statement listout the schemes launched by the government of India for the upliftment of women.

നമ്മുടെ ഭരണഘടന ജാതി, മത ലിംഗ വ്യത്യാസമില്ലാതെ സമത്വത്തിനുള്ള അവകാശം ഉറപ്പു വരുത്തുന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളും സ്ത്രീ സമത്വം പ്രഘോഷിക്കുന്നു. എന്നാൽ ഭാരതീയ സ്ത്രീകളുടെ അവസ്ഥ വളരെ ദയനീയ മാണ്. സ്ത്രീകളുടെ ഉന്നമനത്തേക്കുറിച്ചുള്ള പ്രതിബദ്ധത പദ്ധതികളുടേയും നയങ്ങളുടേയും വിളംബരത്തിൽ അവസാനിക്കുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനയുടെ വെളിച്ചത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി ഭാരത സർക്കാർ ആവിഷ്ക്കരിച്ചുള്ള പദ്ധതികളുടെ പട്ടിക തയ്യാറാക്കുക.

## Scoring Indicators

- Identifies the major schemes - 4 score

Total Score : 4
Time : 8 minutes

*********

# Democracy in India (Unit : III) Chapter : 8
# Key concept : Unit : II Chapter : 8

C. O : To create an awareness of the socio-economic programmes for the welfare of the weaker sections.

## Question Text

You have seen women in a particular uniform managing cottage industries and running restaurants. They may be the members of 'Kudumba Shree' Project envisaged by the Government of Kerala for the empowerment of women. This is actually based on the national policy for empowerment of women 2001. Prepare a discussion note on the above statement.

ഒരു പ്രത്യേക യൂണിഫോമിൽ കുടിൽ വ്യവസായങ്ങൾ നടത്തുകയും ഹോട്ടൽ നടത്തുകയും ചെയ്യുന്ന വനിതകളെ നിങ്ങൾ കണ്ടിട്ടുണ്ടാവാം. അവർ കുടുംബശ്രീയിലെ അംഗങ്ങളാവാം. ഇത് യഥാർത്ഥത്തിൽ 2001 ലെ ദേശീയ സ്ത്രീ ശാക്തീകരണ നയത്തിന്റെ അടിസ്ഥാനത്തിലാണ്. മേൽപറഞ്ഞ പ്രസ്താവനയെ ക്കുറിച്ച് ഒരു ചർച്ചാക്കുറിപ്പ് തയ്യാറാക്കുക.

## Scoring Indicators

- Brief note on National Policy for women - 2 score
- Identifies the major objectives - 2 score

Total Score : 4
Time : 8 minutes

*********

# Democracy in India (Unit : III) Chapter : 9, 10

C. O : To create an awareness of the socio-economic programmes for the welfare of the weaker sections.

## Question Text

Rearrange the contents in the column 'B' and 'C' with that of column 'A'.

പട്ടികയിലെ 'B' യിലും 'C' യിലും കൊടുത്തിരിക്കുന്ന വസ്തുതകൾ 'A' യിലുള്ളതുമായി പുനക്രമീകരിക്കുക.

| | A | B | C |
|---|---|---|---|
| (a) | 15th March 1950 (മാർച്ച് 15, 1950) | National Development Council (ദേശീയ വികസന സമതി) | To study the problems related to Panchayeti Raj (പഞ്ചായത്ത് രാജുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുന്നു.) |
| (b) | August 1952 (ആഗസ്ത് 1952) | The first backward class Commission (ഒന്നാമത്തെ പിന്നോക്ക വിഭാഗക്കമ്മീഷൻ) | Represents the federal approach to planning in India (ഇന്ത്യയിലെ ഫെഡറൽ ആസൂത്രണ സമീപനത്തെ |

| | | | |
|---|---|---|---|
| | | | (പ്രതിനിധീകരിക്കുന്നു) |
| (c) | (1957) | Established Planning Commission in India (ആസൂത്രണക്കമ്മീഷൻ ഇന്ത്യയിൽ സ്ഥാപിതമായി) | Proposed 27% reservation for backward classes (പിന്നോക്ക വർഗ്ഗക്കാർക്ക് 27% സംവരണം ഏർപ്പെടുത്തി) |
| (d) | 1953 | Govt. of India accepted Mandal Commission Report (ഭാരത് സർക്കാർ മണ്ഡൽക്കമ്മീഷൻ റിപ്പോർട്ട് അംഗീകരിച്ചു) | Kaka Saheb Kalelkar (കാക്കാ സാഹേബ് കലേൽക്കർ) |
| (e) | August 1990 (ആഗസ്ത് 1990) | Balwant Rai Mehta committee was appointed (ബൽവന്ത്രായ് കമ്മിറ്റിയെ നിയോഗിച്ചു) | For the economic development of India (ഇന്ത്യൻ സാമ്പത്തിക പുരോഗതിക്ക്) |

## Scoring Indicators

- Each correct points carries ½ score - ½ x 10 = 5

Total Score : 5

Time : 10 minutes

*********

# Democracy in India (Unit : IV)  Chapter : 13

C. O : To analyse the impact of illiteracy as a serious challenge to Indian Democracy.

## Question Text

Manu is a good singer. After a musical banquet one of his fans requested him to write down and give the lyrics of the beautiful song that he had sung. But he was helpless. Because he was illiterate.

You may suggest the available Non-formal education schemes in India that will enable him to be literate.

മനു നല്ലൊരു ഗായകനാണ്. ഒരു സംഗീത വിരുന്നിനു ശേഷം അദ്ദേഹത്തിന്റെ ഒരു ആരാധകൻ താൻ മനോഹരമായി പാടിയ ഗാനത്തിന്റെ

വരികൾ എഴുതിക്കൊടുക്കാൻ അഭ്യർത്ഥിച്ചു. എന്നാൽ മനുവിന് അതിന് കഴിഞ്ഞില്ല. കാരണം മനു ഒരു നിരക്ഷരനായിരുന്നു. അവനെ സാക്ഷരനാക്കുന്നതിന് ഇന്ത്യയിൽ ലഭ്യമായ അനൗപചാരിക വിദ്യാഭ്യാസ പദ്ധതികൾ ഏതെല്ലാമെന്ന് നിർദ്ദേശിക്കുക.

## Scoring Indicators

- Identifies the various schemes Non formal education in India - 3 score

Total Score : 3
Time : 5 minutes

*********

# Democracy in India (Unit : IV) Chapter : 41

C. O : To create an awareness of social and economic inequalities as a challenge to Indian democracy.

## Question Text

We have learned about various challenges to Indian democracy. Two examples are given below and find out the others :

- Linguism
- Illiteracy

ഇന്ത്യൻ ജനാധിപത്യം നേരിടുന്ന വ്യത്യസ്ത വെല്ലുവിളികളെക്കുറിച്ച് നാം പഠിച്ചിട്ടുണ്ട്. അതിൽ രണ്ട് ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു. മറ്റുള്ളവ കണ്ടെത്തി എഴുതുക.

- ഭാഷാ വാദം
- നിരക്ഷരത

## Scoring Indicators

- Identification of other challenges - each carries ½ score

6 x ½ = 3

Total Score : 3

Time : 5 minutes

*********

# Political Science
# Democracy in India (Unit : V) Chapter : 22

(1) C. O • To analyse the need for arms control and disarmament and evaluate the role of India in association with U.N in the process of disarmament.

(2) **Question Text**

One of the most important global problems of today is armament. India has always been advocating highest priority to complete disarmament. India has been actively advocating for a comprehensive test ban since 1954. But it is interesting to note that, India is not ready to sign the Comprehensive Test Ban Treaty (CTBT) of UN. Prima-facie, it can be considered as a double – stand. But there are valid reasons for not doing that. Identify those points and justify India's stand.

ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു ആഗോള പ്രശ്നമാണ് ആയുധവൽക്കരണം. ഇന്ത്യ എല്ലായിപ്പോഴും, സമ്പൂർണ്ണ നിരായുധീകരണത്തിന് മുന്തിയ പരിഗണന കൊടുക്കുന്നു. 1954 മുതൽ ഇന്ത്യ സമഗ്ര ആണവ പരീക്ഷണ നിരോധനത്തിനു വേണ്ടി വാദിക്കുന്നു. എന്നാൽ ഐക്യരാഷ്ട്ര സഭയുടെ സമഗ്ര ആണവ പരീക്ഷണ നിരോധനക്കരാറിൽ ഒപ്പിടാൻ ഇന്ത്യ തയ്യാറല്ല എന്നതാണ് ഏറ്റവും രസകരമായ വസ്തുത. പ്രഥമദൃഷ്ട്യാ ഇതൊരു ഇരട്ടത്താപ്പായി കാണാം. പക്ഷെ ഇത് ചെയ്യാതിരിക്കുന്നതിന് വ്യക്തമായ കാരണങ്ങളുണ്ട്. ഈ കാരണങ്ങൾ കണ്ടെത്തി ഇന്ത്യയുടെ നിലപാടിനെ ന്യായീകരിക്കുക.

(3) Score – 4
(4) Time - 6 minutes

## (6) Scoring Indicators

Analyses the discriminatory nature of CTBT and find out its contradictory nature with that of the stand of India.

- India stands for complete disarmament to cover all countries and to apply to all weapons. (1)

Other Discriminatory features

a) Stringent discrimination on non-nuclear weapon states.

b) No restriction on nuclear weapon states.

c) Denies the right to peaceful nuclear explosion. (3)

Total Score : 4

*********

# Democracy in India (Unit : V) Chapter : 22

(1) C. O : To familiarise the concept of globalisation and to identify its impact on India.

## (2) Question Text

The world "Globalization" is very familiar to us. But it means different things to different people. To some people it is a brave new world order of infinite possibilities. For others, it implies a process of neo-colonialism. Any way, India has become a part of this process. In this context analyse and write down the negative and positive impact of this process in India.

Hint :

You can analyse the reforms and changes in policy and process, in the field of Trade, Industry, Capital market, Finance, Education, Culture, Agriculture etc.

നമുക്ക് വളരെ പരിചിതമായ പദമാണ് ആഗോളവൽക്കരണം. എന്നാൽ ഇത് പലർക്കും പലതാണ്. കുറച്ച് ആൾക്കാരെ സംബന്ധിച്ചിടത്തോളം, ഇത് അനന്തമായ സാധ്യതകൾ തുറന്നു തരുന്ന ഒരു ശക്തമായ പുത്തൻ ലോകക്രമമാണ്. മറ്റ് ചിലരെ സംബന്ധിച്ചിടത്തോളം, ഇത് പുത്തൻ കോളനി വൽക്കരണത്തിനു വേണ്ടിയുള്ള പ്രക്രിയയാണ്. എന്തായാലും ഇന്ത്യ ഈ പ്രക്രിയയുടെ ഒരു ഭാഗമായി തീർന്നു. ഈ പശ്ചാതലത്തിൽ, ഈ പ്രക്രിയയുടെ നിഷേധാത്മക സ്വാധീനവും അനുകൂലാത്മക സ്വാധീനവും വിശകലനം ചെയ്തെഴുതുക.

സൂചന

വ്യാപാരം, വ്യവസായം, മൂലധന വിപണി, സാമ്പത്തികം, വിദ്യാഭ്യാസം, സംസ്ക്കാരം, കൃഷി, തുടങ്ങിയ മേഖലകളിലെ നയത്തിലും, പ്രക്രിയയിലും

വരുത്തിയ മാറ്റത്തിന്റേയും, പരിഷ്കാരത്തിന്റേയും അടിസ്ഥാനത്തിൽ നിങ്ങൾക്ക് ഇത് വിശകലനം ചെയ്യാം.

Score – 8

Time - 15 minutes

## Scoring Indicators

- Develops a brief idea about globalization. (2)
- Evaluate its positive impact in various fields on the basis of cause – effect relationship. (3)
- Evaluate its negative impact in various fields on the basis of the cause-effect relationship (3)

Total Score : 8

*********

# Democracy in India (Unit : V) Chapter : 19

C. O : To evaluate the role of U.N.O in maintaining international peace and security.

## Question Text

One of the basic principles of the United Nations (UN) is to ensure the sovereignty and equality of all the member nations. But the paradox is that, if we go through the composition and functioning of UN, especially the security council, we can see that, there are certain undemocratic elements in it. Find out the points in support of this and suggest certain methods to reform it in a democratic way.

ഐക്യരാഷ്ട്ര സംഘടനയുടെ അടിസ്ഥാനതത്വം എന്ന് പറയുന്നത്, ഓരോ അംഗരാജ്യത്തിന്റേയും പരമാധികാരവും, സമത്വവും ഉറപ്പാക്കുക എന്നുള്ളതാണ്. ഐക്യരാഷ്ട്ര സംഘടനയുടെ പ്രത്യേകിച്ച് സുരക്ഷാസമിതിയുടെ ഘടനയും പ്രവർത്തനവും നോക്കുകയാണെങ്കിൽ, ചില ജനാധിപത്യ വിരുദ്ധങ്ങളായ ഘടകങ്ങൾ അതിൽ കാണാം എന്നുള്ളതാണ് ഏറ്റവും വലിയ വിരോധാഭാസം. ഇതിന് അനുകൂലമായ സൂചകങ്ങൾ കണ്ടു പിടിച്ച്, ഇതിനെ ജനാധിപത്യപരമായ രീതിയിൽ പരിഷ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

| Score and | Time |
|---|---|
| 6 | 10 minutes |

## Scoring Indicators

Establishes the superiority of the developed nations and its veto power in the UN security council. (2)

Suggests various reform measures –

- Demand for Expansion of security Council.
- Enhancing the representation of developing countries in the security council.
- Abolition of Veto power.
- Membership in the security council through rotation (4)

Total : 6

*********

# Democracy in India (Unit : V) Chapter : 20

C. O : To identify the role and function of SAARC as an organization for regional unity and co-operation in South Assia.

## Question Text

Regional groupings are of much important in todays world. South Asian Association for Regional Co-operation (SAARC) is one of the major regional groupings formed in 1985, to promote the welfare of the people in South Asian countries. Find out and write down the other major objectives of SAARC.

ഇന്നത്തെ ലോകത്ത് മേഖലാ സംഘടനകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി 1985 –ൽ രൂപീകരിച്ച ഏറ്റവും പ്രധാനപ്പെട്ട മേഖലാ സംഘടനയാണ്. ദക്ഷിണേന്ത്യൻ മേഖലാ സഹകരണ സംഘടന (സാർക്ക്). സാർക്കിന്റെ മറ്റ് പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ കണ്ടെത്തിയെഴുതുക.

| Score and | Time |
|---|---|
| 6 | 9 minutes |

## Scoring Indicators

Analyses the importance of regional co-operation and comes out with the following broad objectives :

- Collective self-reliance
- Mutual trust
- To promote economic growth, social progress and cultural development.
- Mutual assistance in various fields.
- Co-operation with other developing countries.
- Co-operation among the member countries and other regional and international oraganisations. (6)

*********

# Democracy in India (Unit : V) Chapter : 20

C. O : To identify the areas of human Right violation and create an awareness on various provisions of Human Rights in U.N Commission for Human Rights and National and state Commission for Human Rights.

## Question Text

In India, we can see National Human Rights Commission (NHRC) and State Human Rights Commission (SHRC) for monitoring and implementing the various provisions related to Human Rights. There are also courts for looking into the questions related to fundamental human rights. Why there are such commissions besides these courts. Identify and write down the differences in the functioning of these two.

മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും, അവയുടെ മേൽ നോട്ടം വഹിക്കുന്നതിനുമായി ഇന്ത്യയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷനും, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളുമുണ്ട്. ഇത് കൂടാതെ മൗലികമായ മനുഷ്യാവകാശങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി ഇവിടെ

കോടതികളുമുണ്ട്. എന്തിനു വേണ്ടിയാണ് കോടതിയ്ക്കു പുറമെ ഇവിടെ ഇതു പോലുള്ള കമ്മീഷനുകളുള്ളത്. ഇവ തമ്മിലുള്ള പ്രവർത്തന വ്യത്യാസം എഴുതുക.

| Score and | Time |
|---|---|
| 6 | 12 minutes |

## Scoring Indicators

Identifies that, the court in general is having a negative function in the sense that it interferes only after the occurrence of an incident. Along with this, the Human Rights Commission is also having a promotional or positive function. (2)

Also list out the other specific functions of the Human Rights Commission. (4)

Total - 6

*********

# Democracy in India (Unit : V) Chapter : 19

C. O : To identify the efforts taken by India along with U.N for maintaining international peace and security.

## Question Text

India's foreign policy goal is some what similar to the United Nations' goal. So on various occasions, India has worked in close co-operation with the UN for accomplishing its goal. In this context analyse and write down the positive role taken by India along with the UN on various international issues.

Hints

- ⊗ Inter-national Peace and Security.
- ⊗ Struggle against Colonialism.
- ⊗ Afro - Asian Solidarity.

ഇന്ത്യയുടെ വിദേശ നയലക്ഷ്യങ്ങൾ ഏകദേശം ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾക്ക് സമാനമാണ്. അതുകൊണ്ട് തന്നെ, ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടി ഇന്ത്യ പല അവസരങ്ങളിലും അതിനോട് വളരെ ചേർന്നു നിന്ന് പ്രവർത്തിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ, വിവിധങ്ങളായ അന്താരാഷ്ട്ര പ്രശ്നങ്ങളിൽ ഐക്യരാഷ്ട്ര സംഘടനയോടൊപ്പം ഇന്ത്യ വഹിച്ചിട്ടുള്ള സൃഷ്ടിപരമായ പങ്ക് വിശകലനം ചെയ്യുക.

സൂചനകൾ

- ⊗ അന്താരാഷ്ട്രസമാധാനവും സുരക്ഷിതത്വവും
- ⊗ കോളനിവൽക്കരണത്തിനെതിരേയുള്ള സമരം
- ⊗ ഏഷ്യൻ, ആഫ്രിക്കൻ സൗഹൃദം

<u>Score and Time</u>
7 15 minutes

## Scoring Indicators

Analyses the role of India in the initiatives taken by UN with regard to

International peace and disarmament. (3)

Struggle against colonialism. (2)

India and Asian African Solidarity (2)

Total - 7

*********

# Democracy in India (Unit : V) Chapter : 21

C. O : To identify the pioneering role played by India in the formation of NAM as a platform form the Afro – Asian and Latin American Countries.

## Question Text

The Non-Aligned Movement (NAM) is still relevant even in the context of the changed world. Write down the changed context. Analyse the changed context and establish the relevance of NAM.

മാറിയ ലോക പശ്ചാത്തലത്തിലും, ചേരിചേരാ പ്രസ്ഥാനം ഇപ്പോഴും പ്രസക്തമാണ്. മാറിയ പശ്ചാതലമെന്താണെന്ന് എഴുതുക. ഈ മാറിയ പശ്ചാതലം വിശകലനം ചെയ്ത്, ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തി സമർത്ഥിക്കുക.

<u>Score and Time</u>
5 10 minutes

## Scoring Indicators

Identifies the Post-cold war situation and the emergence of globalisation (2)

Identifies the Relevance in the changed context. (3)

Total - 5

# Democracy in India (Unit : V) Chapter : 17

C. O : To analyse the changing nature of the relationship between India and U.S.A and the containing relationship between India and Russia in the Post Cold war era.

## Question Text

India and USA are having similarities in many respects. But in terms of strategic requirements, military ambitions and vision about international politics, the two countries differ considerably. The present Indo-US nuclear deel is considered by many as part of the military ambition of the USA. On the otherhand many consider it as essential for protecting the national interest of India. As a preliminary step for analysing it, we should know the positive and negative aspects of India-US nuclear deel. These points are given and classify them as shown below. (1) It helps to solve

| Positive Aspects | Negative Aspects |
|---|---|
| ⊗ ………………………………………<br>⊗ ………………………………………<br>⊗ ……………………………………… | ⊗ ………………………………………<br>⊗ ………………………………………<br>⊗ ……………………………………… |

| ⊗ ……………………………………… | ⊗ ……………………………………… |
|---|---|

Our energy crisis (2) It affects our sovereignty (3) It hinders our indigenous nuclear development programme (4) Ensure continuous supply of enriched uranium. (5) It is against our national interest. (6) It helps to have a strategic alliance with USA. (7) It includes transfer of technology (8) In future it will make India, as a military ally of USA, which is against the basic spirit of NAM.

ഇന്ത്യയും അമേരിക്കൻ ഐക്യനാടും തമ്മിൽ പലകാര്യങ്ങളിലും സമാനത യുണ്ട്. എന്നാൽ തന്ത്രപ്രധാനമായ ആവശ്യകതകളിലും, സൈനിക ആഗ്രഹങ്ങളുടെ കാര്യത്തിലും, അന്താരാഷ്ട്ര രാഷ്ട്രീയത്തെക്കുറിച്ചുള്ള വീക്ഷണത്തിന്റെ കാര്യത്തിലും, രണ്ട് രാജ്യങ്ങളും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. നിലവിലുള്ള ഇന്ത്യ - അമേരിക്കൻ ആണവക്കരാറിനെ, അമേരിക്കയുടെ സൈനിക ആഗ്രഹങ്ങ ളുടെ ഭാഗമായിട്ടാണ് പലരും കാണുന്നത്. നേരെ മറിച്ച്, ഇത് ഇന്ത്യയുടെ ദേശീയ താൽപര്യം സംരക്ഷിക്കുവാൻ അത്യാവശ്യമാണെന്നാണ് മറ്റു ചിലർ കരുതുന്നത്. ഇത് വിശകലനം ചെയ്യാനുള്ള പ്രാഥമിക നടപടി എന്ന നിലയ്ക്ക് നമ്മൾ അതിന്റെ അനുകൂലാത്മകവും, നിഷേധാത്മകവുമായ വശങ്ങൾ അറിഞ്ഞിരിക്കണം. ഈ സംഗതികൾ തന്നിരിക്കുന്നു. അവയെ താഴെ പറയുന്ന രീതിയിൽ വർഗ്ഗീകരിക്കുക.

| **അനുകൂലാത്മകമായ വശങ്ങൾ** | **നിഷേധാത്മകമായ വശങ്ങൾ** |
|---|---|
| ⊗ ……………………………………… | ⊗ ……………………………………… |
| ⊗ ……………………………………… | ⊗ ……………………………………… |
| ⊗ ……………………………………… | ⊗ ……………………………………… |
| ⊗ ……………………………………… | ⊗ ……………………………………… |

(1) ഇത് നമ്മുടെ ഊർജ്ജ പ്രതിസന്ധിയെ മറികടക്കാൻ സഹായിക്കും. (2) ഇത് നമ്മുടെ പരമാധികാരത്തെ ബാധിക്കും. (3) ഇത് നമ്മുടെ തദ്ദേശീയമായ ആണവ വികസന പരിപാടിയെ തടസ്സപ്പെടുത്തും. (4) സമ്പുഷ്ട യുറേനിയത്തിന്റെ തുടർച്ചയായ ലഭ്യത ഉറപ്പാക്കും. (5) ഇത് നമ്മുടെ ദേശീയ താൽപര്യത്തിനെതിരാണ്. (6) ഇത് അമേരിക്കൻ ഐക്യനാടുകളുമായി വളരെ

തന്ത്രപ്രധാനമായ ഒരു സഖ്യം രൂപീകരിക്കുവാൻ സഹായിക്കും. (7) ഇതിൽ സാങ്കേതിക വിദ്യയുടെ കൈമാറലും ഉൾപ്പെടുന്നു. (8) ചേരിചേരാ പ്രസ്ഥാനത്തിന്റെ അടിസ്ഥാന സത്തയ്ക്ക് നിരക്കാത്ത രീതിയിൽ ഇത് ഭാവിയിൽ, ഇന്ത്യയെ അമേരിക്കയുടെ ഒരു സൈനിക സഖ്യകക്ഷിയാക്കി തീർക്കും.

| Score | and | Time |
|---|---|---|
| 4 | | 6 minutes |

## Scoring Indicators

Each correct point carries ½ mark.

8 x ½ = 4 mark

*********

# Democracy in India (Unit : V) Chapter : 17

C. O : To familiarise Indian' relationship with its negihbouring countries.

## Question Text

Pakistan is simultaneously the most closest and the most distant neighbour of India. That means geographically Pakistan is very near to us. But mentally we are distant neighbours. Analyse and write down the reason for this paradoxical situation.

Hints

⊗ Ideological difference

⊗ The Kashmir issue

⊗ War on Bengladesh

പാകിസ്ഥാൻ ഒരേ സമയം, ഇന്ത്യയുടെ ഏറ്റവും അടുത്തതും, ഏറ്റവും അകന്നതുമായ അയൽവാസിയാണ്. ഭൂമി ശാസ്ത്രപരമായി പാകിസ്ഥാൻ നമുക്ക് വളരെ അരികിലാണ്. പക്ഷെ മാനസികമായി നമ്മൾ വളരെ അകന്ന അയൽവാസികളാണ്. ഇത്തരം വിരോധാഭാസപരമായ ഒരു സാഹചര്യം ഉണ്ടായതിനുള്ള കാരണം വിശകലനം ചെയ്ത് എഴുതുക.

സൂചനകൾ

⊗ ആശയപരമായ വ്യത്യസ്തത

⊗ കാശ്മീർ പ്രശ്നം

⊗ ബംഗ്ലാദേശ് യുദ്ധം

| <u>Score</u> | <u>and</u> | <u>Time</u> |
|---|---|---|
| 8 | | 15 minutes |

## Scoring Indicators

Analyses the historical and ideological reasons for the difference, the process of nation – building and the fate of democracy in India and Pakistan (3)

The Kashmir Issue (3)

The war on East Bengal and the framing shimla Agreement (2)

Total - 8

---

# Democracy in India (Unit : V) Chapter : 21

<u>C. O</u> : To identify the pioneering role played by India in the formation of NAM

## Question Text

Non – alignment is perceived by some observers as neutrality. But Jawaharlal Nehru observed that Non-alignment is not neutrality. In this context analyse and write down the fundamental difference between these two.

ചേരി ചേരാനയത്തെ ചില നിരീക്ഷകർ കണ്ടത് നിഷ്പക്ഷതയായിട്ടാണ്. എന്നാൽ ജവഹർലാൽ നെഹ്രുവിന്റെ അഭിപ്രായത്തിൽ ചേരിചേരാനയം നിഷ്പക്ഷതയല്ല. ഈ പശ്ചാത്തലത്തിൽ ഇവ രണ്ടും തമ്മിലുള്ള അടിസ്ഥാന വ്യത്യാസം എഴുതുക.

| <u>Score</u> | <u>and</u> | <u>Time</u> |
|---|---|---|
| 4 | | 6 minutes |

## Scoring Indicators

Identifies Neutrality as a Negative concept. (2)

Identifies NAM as positive movement and establishes its positive nature (2)

*********